"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ്- കുടുംബശ്രീ- ജീവനക്കാര്യം -ശ്രീ.രാജീവൻ പി.എം, വൊക്കേഷണൽ ഇൻസ്പെക്ടർ, എം.ആർ.വി.എച്ച്.എസ്.എസ്-കുടുംബശ്രീയിൽ അന്യത്രസേവനം - 01/06/2019 മുതൽ 29/06/2019 വരെയുള്ള കാലയളവ് അന്യത്രസേവന കാലയളവായി പരിഗണിച്ച് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.488/2022/LSGD തീയതി,തിരുവനന്തപുരം, 01-03-2022

---

പരാമർശം:-

1. 27.04.2018 തീയതിയിലെ സ.ഉ.(സാധാ) നം.1199/2018/തസ്വഭവ
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28/06/2019 ലെ 4506/ഇ1/2018/KSHO നം. ഉത്തരവ്.
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.02.2021.2021 ലെ 4506/ഇ1/2018/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

**ഉത്തരവ്**

കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി സേവനമനുഷ്ഠിച്ച പടന്ന, എം.ആർ.വി.എച്ച്.എസ്.എസ് വൊക്കേഷണൽ ഇൻസ്പെക്ടർ ആയ ശ്രീ.രാജീവൻ പി.എം, അന്യത്രസേവന കാലാവധി കഴിഞ്ഞും അധികമായി ജോലി ചെയ്ത 01/06/2019 മുതൽ 29/06/2019 വരെയുള്ള കാലയളവ് ക്രമീകരിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ അപ്പ്രൈസൽ പ്രക്രിയ പൂർത്തീകരിച്ച് ടിയാനെ വിടുതൽ ചെയ്തുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായത് 28/06/2019-ന് മാത്രമാണെന്നും ഉത്തരവ് തീയതിയ്ക്ക് തൊട്ടടുത്ത ദിവസം തന്നെ ടിയാൻ വിടുതൽ ചെയ്തിരുന്നു എന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ശ്രീ രാജീവൻ പി എം-ന്റെ അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ ടിയാൻ 2019 മാർച്ച് മാസത്തിൽ നൽകിയിരുന്നു.ആയതിനാൽ ഭരണപരമായ കാലതാമസം കൊണ്ടാണ് ടിയാൻ വിടുതൽ ചെയ്യുന്നതിന് വൈകിയത് .

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.രാജീവൻ പി.എം. പരാമർശം (1) പ്രകാരം സേവനമനുഷ്ഠിച്ച 31.05.2019 വരെയുള്ള കാലയളവിന് ശേഷമുള്ള 01/06/2019 മുതൽ 29/06/2019 വരെയുള്ള കാലയളവ് അന്യത്രസേവന കാലയളവായി പരിഗണിച്ച് സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,തിരുവനന്തപുരം.
ശ്രീ.രാജീവൻ പി.എം, വൊക്കേഷണൽ, ഇൻസ്പെക്ടർ, എം.ആർ.വി.എച്ച്.എസ്.എസ്
(ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന)
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
ധന വകുപ്പിന് (ഡെവ-4/267/2021-ധന പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(File no.IA1/99/2021-LSGD)

ഉത്തരവിൻ പ്രകാരം

**Signed by Vijitha M B**
**Date: 02-03-2022 12:15:31**
സെക്ഷൻ ഓഫീസർ